**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5312** **02-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം- കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം-കന്യാകുമാരി റെയിൽ പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ നിർവ്വഹണത്തിന്റെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | തിരുവനന്തപുരം - കന്യാകുമാരി റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി, തിരുവനന്തപുരം മുതൽ പാറശ്ശാല വരെ യുള്ള പൊന്നുംവില നടപടികളിന്മേൽ സർക്കാർ തലത്തിലും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലും കൃത്യമായ ഇടവേളകളിൽ തുടർച്ചയായി അവലോകന യോഗങ്ങൾ നടത്തിവരുന്നു. 26.07.2021 ൽ ചീഫ് സെക്രട്ടറി സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പൊതുമാരമത്ത് വകുപ്പ് മന്ത്രി ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു. കായിക വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 04.09.2021 ൽ നടത്തിയ ചർച്ചയിലും ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലുള്ള ടി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഘട്ടംഘട്ടമായി സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ജില്ലാതല അവലോകന യോഗങ്ങളിൽ അർത്ഥന അധികാരി, പൊന്നുംവില ഓഫീസർ എന്നിവരുമായി ചർച്ച ചെയ്യുകയും, മാർഗ്ഗ നിർദ്ദേശം നൽകുകയും കൂട്ടായ തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്. മൂന്നു ഘട്ടങ്ങളായി തിരിച്ചിട്ടുള്ള ടി ബൃഹദ് പദ്ധതിയിൽ ആദ്യ ഘട്ടത്തിന്റെ 11(1) വിജ്ഞാപനം 01.02.2021 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തയ്യാറാക്കുന്ന നടപടികളും സർവ്വേ നടപടികളും പുരോഗമിച്ച് വരുന്നതുമാണ്. ഇതോടൊപ്പം രണ്ടാം ഘട്ടത്തിന്റെ 6(1) വിജ്ഞാപനം പരസ്യപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മൂന്നാം ഘട്ടത്തിന്റേത് ഉൾപ്പെടെ ഇതിൽ ഉൾപ്പെട്ടുവരുന്ന മറ്റ് പദ്ധതികൾക്കായി 23.09.2021 ന് |

| | | | |
|---|---|---|---|
| | | | അർത്ഥനാധികാരി ലഭ്യമാക്കിയ ശേഷിക്കുന്ന അർത്ഥനകളിലെല്ലാം തന്നെ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ ധനുവച്ചപുരം ലെവൽ ക്രോസിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി അനുവാദം നൽകുമോ; വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം - കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി ധനുവച്ചപുരം ലവൽ ക്രോസിനു മുകളിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള അർത്ഥന ലഭിച്ചിട്ടില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണറും ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടില്ലെന്ന് റെയിൽവേ അധികൃതരും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ